പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6118 09-07-2013 -ൽ മറുപടിക്ക്

വർദ്ധിച്ചുവരുന്ന മദ്യപാന ശീലം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ജനങ്ങളിൽ മദ്യപാനം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനായി പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഇതിനെക്കുറിച്ച്, എക്സൈസ് വകുപ്പ് ശാസ്ത്രീയ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (സി) | വ്യാജമദ്യനിർമ്മാണവും വിൽപ്പനയും തടയുന്നതിന് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (സി)-യും, (ഡി)-യും. ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും, വ്യാജ മദ്യ നിർമ്മാണം നടക്കുന്നുവെന്ന് സംശയിക്കുന്ന സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണം നടത്തി, നിരന്തരം പട്രോളിംഗും, റെയ്ഡുകളും, വാഹന പരിശോധനയും നടത്തി വരുന്നു. വ്യാജമദ്യ നിർമ്മാണ കേന്ദ്രങ്ങൾ കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും, മുൻകാലങ്ങളിൽ ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളുടെ പ്രവർത്തനം നിരീക്ഷിച്ച് നടപടി എടുക്കുകയും ചെയ്തു വരുന്നു. കൂടാതെ, പോലീസ്, വനം, റവന്യൂ തുടങ്ങിയ മറ്റു വകുപ്പുകളുമായി ചേർന്ന് കമ്പയിൻഡ് റെയ്ഡുകളും, വനമേഖലയിൽ സ്പെഷ്യൽ കോമ്പിംഗ് നടത്തുകയും, കുറ്റകൃത്യം കണ്ടെത്തിയാൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, വ്യാജ മദ്യ ഉല്പാദനവും വില്പനയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച്, എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറുന്നുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ, എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | | |

സെക്ഷൻ ഓഫീസർ